# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 06.01.2014-ൽ മറുപടിക്ക്

ചോദ്യം നമ്പർ .163

## പീലിംഗ് തൊഴിലാളി ക്ഷേമം

ചോദ്യം ഉത്തരം

| | ശ്രീ. എ.എം. ആരിഫ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; | (എ) | 02.01.2009 ലെ സ.ഉ(സാധാ) നം. 4/2009/മത്സ്യവ നം. സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച എക്സ്പർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 27.01.2011 ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം വീണ്ടും ഒരു കമ്മിറ്റിയെ പഠനത്തിനായി നിയോഗിക്കാൻ എന്താണ് കാരണം; എന്നാണ് നിയോഗിച്ചത്; | (ബി) | വിവിധ വിഭാഗങ്ങളിൽപ്പെടുന്ന പീലിംഗ് തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ വിവിധങ്ങളായതിനാൽ ആരോഗ്യം, തൊഴിൽ, ഫിഷറീസ്, തദ്ദേശസ്വയംഭരണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ വകുപ്പുകളുടെ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പീലിംഗ് തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറുടെ കീഴിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചു. 18.08.2011 ലെ GO(Rt) No. 562/11/F&PD പ്രകാരമാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. |
| (സി) | ഈ സർക്കാർ നിയോഗിച്ച കമ്മിറ്റി എത്ര തവണ യോഗം ചേർന്നു; എവിടെയൊക്കെവച്ച് തെളിവെടുപ്പ് നടത്തി ; | (സി) | മൂന്നു പ്രാവശ്യം യോഗം ചേർന്നു. 17.02.2012, 23.02.2012, 23.02.2013 എന്നീ തീയതികളിലാണ് യോഗം ചേർന്നത്. |
| (ഡി) | എന്തെങ്കിലും ശുപാർശകൾ നൽകിയിട്ടുണ്ടോ ; | (ഡി) | കമ്മിറ്റി സമർപ്പിച്ച ആക്ഷൻ പ്ലാൻ സർക്കാർ അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 04.11.2013 ലെ സ.ഉ. (സാധാ) നം. 919/13/മത്സ്യവ പ്രകാരം സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും, ഡിസ്ട്രിക്റ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ഉത്തരവായി. |

| | | | |
|---|---|---|---|
| (ഇ) | ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ഇ) | ബാധകമല്ല. |
| (എഫ്) | ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | (എഫ്) | ബാധകമല്ല. |

Jayasree

സെക്ഷൻ ഓഫീസർ